**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - തളിപ്പറമ്പ് മുൻസിപ്പാലിറ്റിയുടെ ഭരണസമിതിയെ പുതുതായി രൂപീകരിക്കപ്പെട്ട ആന്തൂർ മുൻസിപ്പാലിറ്റിയുടെ കൂടി ഭരണസമിതിയായി ചുമതലപ്പെടുത്തിയ നടപടി- സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

സ.ഉ. (കൈ) നം.331/2015 തസ്വഭവ തിരുവനന്തപുരം, തീയതി, 31.10.2015

==========================================================

പരാമർശം: 1. സർക്കാർ ഉത്തരവ് (അച്ചടി) നം. 323/2015/തസ്വഭവ തീയതി 17.10.2015.

2. നഗരകാര്യ ഡയറക്ടറുടെ 29.10.2015 ലെ ഇ 6/20747/2015 നമ്പർ ഉത്തരവ് നടപടികൾ.

**<u>ഉത്തരവ്</u>**

2015 ഒക്ടോബർ 31 ാം തീയതി കാലാവധി അവസാനിക്കുന്ന മുൻസിപ്പാലിറ്റികളിൽ 01.11.2015 തീയതി മുതൽ പുതിയ കൗൺസിലുകൾ നിലവിൽ വരുന്നതു വരെ മുൻസിപ്പൽ സെക്രട്ടറി മുൻസിപ്പൽ എഞ്ചിനീയർ, മുൻസിപ്പാലിറ്റിയിലെ സംയോജിത ശിശുവികസന പദ്ധതിയുടെ ചുമതലയുള്ള ഓഫീസർ എന്നിവരടങ്ങുന്ന ഭരണസമിതിയെ പരാമർശം 1ലെ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ തളിപ്പറമ്പ് മുൻസിപ്പാലിറ്റി വിഭജിച്ച് പുതുതായി രൂപീകരിക്കപ്പെട്ട ആന്തൂർ മുൻസിപ്പാലിറ്റിയുടെ ഭരണസമിതിയായി കൂടി തളിപ്പറമ്പ് നഗരസഭാ ഭരണസമിതിയെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം 2 പ്രകാരം നഗരകാര്യ ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് നടപടി സാധൂകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജെയിംസ് വർഗ്ഗീസ്**

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ